**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 75** **7/2/2013-ൽ മറുപടിക്ക്**

# നോക്കുകൂലി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ബെന്നി ബെഹനാൻ** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) സംസ്ഥാനമൊട്ടാകെ നോക്കുകൂലി വിമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിച്ചാൽ അസി.ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ എന്നിവർ ഇടപ്പെട്ട് അത് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ പരിധിയിൽപ്പെട്ട പ്രദേശങ്ങൾ, എറണാകുളം, കോഴിക്കോട് ജില്ല എന്നിവിടങ്ങളിൽ ഏകീകൃതകൂലി നിശ്ചയിക്കുകയും നോക്കുകൂലി വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത ജില്ലകളിലെ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂലി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ വെബ്സൈറ്റ്/ കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. കൂടാതെ നോക്കുകൂലി കൈപ്പറ്റുന്ന തൊഴിലാളികളെ പൂളിൽ നിന്നും സസ്പെന്റ്/ നീക്കം ചെയ്യുന്നതടക്കമുള്ള നടപടി കൈക്കൊള്ളുന്നതിനും കൈപ്പറ്റുന്ന നോക്കുകൂലി ഉടമസ്ഥന് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. പരാതികൾ അറിയിക്കുന്നതിനും പരിഹാരം ഉണ്ടാക്കുന്നതിനുമായി 155-300 എന്ന ലേബർ ഹെൽപ് ലൈൻ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ശേഷിക്കുന്ന ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | സംസ്ഥാനമൊട്ടാകെ നോക്കുകൂലി വിമുക്തമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ